വണ്ണാത്തിച്ചിറ ഉരുൾപൊട്ടലിനെക്കുറിച്ച് പഠനം

99. [864] ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ മരുതോങ്കര പഞ്ചായത്തിൽ വണ്ണാത്തിച്ചിറയിൽ കഴിഞ്ഞ വർഷകാലത്തുണ്ടായ ഉരുൾപൊട്ടലിന്റെ കാരണത്തെക്കുറിച്ച് സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് അധികൃതർ പരിശോധന നടത്തിയിട്ടുണ്ടായിരുന്നുവോ ;

(ബി) സെസിന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രത്യേക നടപടികൾ സ്വീകരിക്കേണ്ടതായി വന്നിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) മരുതോങ്കര പഞ്ചായത്തിൽ നടന്ന ഉരുൾപൊട്ടൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട് ജില്ലയിൽ നടക്കുന്ന പഠനത്തിന്റെ ഭാഗമായി ഇതും പഠനവിധേയമാക്കിയിട്ടുണ്ട്.

(ബി) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ഈ റിപ്പോർട്ട് പരിശോധിക്കുന്നുണ്ട്. അന്തിമ തീരുമാനം അറിവായിട്ടില്ല.

(സി) പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

മാളയിൽ ഫയർ സ്റ്റേഷൻ

100. [865] ശ്രീ. ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാളയിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(ബി) ബഹുദൂരം അതിവേഗം പദ്ധതിയിൽ ഉൾപ്പെടുത്തി മാളയിൽ നടപ്പുവർഷം തന്നെ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ, ബി) 28-4-2005-ലെ ജി.ഒ.(ആർ.ടി.) 1052/2005/ആഭ്യന്തരം പ്രകാരം പുതിയതായി തുറക്കാനുദ്ദേശിക്കുന്ന ഫയർ സ്റ്റേഷനുകളുടെ മുൻഗണനാ ലിസ്റ്റിൽ 34-ാമതായി മാള ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 14-6-2005-ലെ ജി.ഒ.(ആർ.ടി.) നമ്പർ 1484/05/ ആഭ്യന്തരം പ്രകാരം ഒരു സ്വകാര്യവ്യക്തി സൗജന്യമായി

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നൽകാമെന്നേറ്റ സ്ഥലം ഏറ്റെടുക്കുന്നതിന് ഫയർ ആന്റ് റസ്ക്യൂ വകുപ്പിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലവും ഫയർ സ്റ്റേഷനു വേണ്ട കെട്ടിടവും മറ്റു സൗകര്യങ്ങളും ആവശ്യമായ ഫണ്ടും ലഭിക്കുന്ന മുറയ്ക്ക് ഫയർ സ്റ്റേഷൻ അനുവദിക്കാവുന്നതാണ്.

എം.എൽ.എ. ഹോസ്റ്റൽ അറ്റന്റന്റുമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ്

101. [866] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

എം.എൽ.എ. ഹോസ്റ്റൽ അറ്റന്റർമാരെ നിയമിക്കുന്നതിന് പി.എസ്.സി. എന്നാണ് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത് ?

ഉത്തരം

പി.എസ്.സി. യിൽ നിന്ന് വിവരം ശേഖരിച്ചുവരുന്നു.

റവന്യൂ വകുപ്പിലെ അഴിമതി കേസുകൾ

102. [867] ശ്രീ. വി.കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വിജിലൻസ് വകുപ്പിന്റെ റിപ്പോർട്ട് പ്രകാരം ഏത് വകുപ്പിലാണ് ഏറ്റവും കൂടുതൽ അഴിമതി കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) റവന്യൂ വകുപ്പിൽ എത്ര അഴിമതി കേസുകളാണ് വിജിലൻസ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) റവന്യൂ വകുപ്പിന്റെ ഏതൊക്കെ തലങ്ങളിലാണ് ഏറ്റവും കൂടുതൽ അഴിമതി കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് ?

ഉത്തരം

(എ) പഞ്ചായത്ത് വകുപ്പിലാണ് ഏറ്റവും കൂടുതൽ വിജിലൻസ് കേസുകൾ റജിസ്റ്റർ ചെയ്തിട്ടുള്ളത്.

(ബി) 2001 മേയ് മാസത്തിനുശേഷം നാളിതുവരെ റവന്യൂ വകുപ്പിൽ 71 വിജിലൻസ് കേസുകൾ റജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) വ്യാജരേഖകൾ ഉപയോഗിച്ച് വനഭൂമി കയ്യേറ്റം, റവന്യൂ ഭൂമി കയ്യേറ്റം, വ്യാജപട്ടയ നിർമ്മാണം, വ്യാജരേഖകൾ നിർമ്മിച്ച് സർക്കാർ ഭൂമി

LIBRARY ARCHIVES Kerala Legislative Assembly